**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 478** **13-01-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വകുപ്പിലെ ജീവനക്കാരുടെ പുനക്രമീകരണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Dr. T. M. Thomas Isaac**<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ജി.എസ്.ടി. നിയമത്തിന്റെ അടിസ്ഥാനത്തിൽ ചരക്ക് സേവന നികുതി വകുപ്പിൽ നടപ്പാക്കേണ്ട ജീവനക്കാരുടെ പുനക്രമീകരണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | ജി.എസ്.ടി. നിയമത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ നടപ്പാക്കേണ്ട ജീവനക്കാരുടെ പുനഃക്രമീകരണം സംബന്ധിച്ച് സർവീസ് സംഘടനകളുമായി ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 31/12/2020-ൽ സർവീസ് സംഘടനകളുടെ യോഗം വകുപ്പ മേധാവി വിളിച്ച ചേർത്തിട്ടുണ്ട്. റിപ്പോർട്ട് താമസംവിനാ സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി ജീവനക്കാരുടെ ജോലിഭാരം കണക്കാക്കാനുള്ള വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | പുനഃസംഘടനയുമായി ബന്ധപ്പെട്ട് വകുപ്പിൽ ഒരു സബ് കമ്മിറ്റി രൂപീകരിച്ച് സമർപ്പിച്ച റിപ്പോർട്ട് പരിശോധനയിലാണ്. |
| (സി) | ജീവനക്കാരുടെ പുനക്രമീകരണത്തിന് ആധാരമാക്കിയത് ഏത് സംസ്ഥാനത്തെ ഏത് വകുപ്പിലെ മാതൃകയാണെന്ന് വ്യക്തമാക്കാമോ? | (സി) | മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വ്യത്യസ്തമായ സ്റ്റാഫ് പാറ്റേണും തസ്തികകളും ആയിരുന്നു വാണിജ്യ നികുതി വകുപ്പിൽ ഉണ്ടായിരുന്നത്. അതിനാൽ ജി.എസ്.ടി നടപ്പാക്കുമ്പോൾ വകുപ്പിലെ വിവിധ തസ്തികകളും അവയുടെ കർത്തവ്യങ്ങളും ചുമതലകളും മറ്റ സംസ്ഥാനങ്ങളും കേന്ദ്രവുമായും ഏകീകരിക്കേണ്ടതുണ്ടായിരുന്നു. ഏതെങ്കിലും ഒരു സംസ്ഥാനം സ്വീകരിച്ച മാതൃക പിൻതുടരുന്നത് കേരളത്തിൽ അപ്രായോഗികമാണ്. |

സെക്ഷൻ ഓഫീസർ